**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **04-07-2022 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ പാലം അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിനു സമീപമുള്ള കുഴിയിൽ വീണ് യുവാവ് മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; | (എ) | തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിനു സമീപമുള്ള കുഴിയിൽ വീണ് യുവാവ് മരിക്കാനിടയായ സംഭവത്തിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിൽ നിന്നും അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്നു വിശദമാക്കുമോ; | (ബി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായതായിട്ടുള്ള പ്രാഥമിക നിഗമനത്തിൽ ടി പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ വീഴ്ചവരുത്തിയ കരാറുകാരനും ഉദ്യോഗസ്ഥർക്കും എതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗത്തിൽ നിന്നും പ്രോജക്ടുകളിൽ 'Work Zone Safety' നടപ്പിലാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ച് കൊണ്ട് പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. "വർക്ക് സൈറ്റുകളിലെ സുരക്ഷാ മാനദണ്ഡങ്ങളും അവയുടെ നടപ്പിലാക്കലും" സംബന്ധിച്ച് എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്ന കാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **04-07-2022 - ൽ മറുപടിയ്ക്ക്**

**തൃപ്പൂണിത്തുറ പാലം അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിനു സമീപമുള്ള കുഴിയിൽ വീണ് യുവാവ് മരിക്കാനിടയായ സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; | (എ) | തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിൽ നിർമ്മാണത്തിലിരിക്കുന്ന പാലത്തിനു സമീപമുള്ള കുഴിയിൽ വീണ് യുവാവ് മരിക്കാനിടയായ സംഭവത്തിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിൽ നിന്നും അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചെന്നു വിശദമാക്കുമോ; | (ബി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായതായിട്ടുള്ള പ്രാഥമിക നിഗമനത്തിൽ ടി പ്രവൃത്തിയുടെ ചുമതലയുണ്ടായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ വീഴ്ചവരുത്തിയ കരാറുകാരനും ഉദ്യോഗസ്ഥർക്കും എതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗത്തിൽ നിന്നും പ്രോജക്ടുകളിൽ 'Work Zone Safety' നടപ്പിലാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചു കൊണ്ട് പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. "വർക്ക് സൈറ്റുകളിലെ സുരക്ഷാ മാനദണ്ഡങ്ങളും അവയുടെ നടപ്പിലാക്കലും" സംബന്ധിച്ച് എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്ന കാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ